**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4371** **18-07-2022 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലായി റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലായി റിസ്ക്ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി ആകെ 111 അപേക്ഷകൾ ബോർഡിലേക്ക് ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇവയിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയെന്നും ഇതിനായി റിസ്ക് ഫണ്ടിൽ നിന്ന് എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത അപേക്ഷകളിൽ 44 അപേക്ഷകളിലായി 46,11,679/-രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. റിസ്ക്ഫണ്ട് നിയമാവലി വ്യവസ്ഥകൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലാത്ത 4 അപേക്ഷകൾ നിരസിച്ചിട്ടുള്ളതും, 8 അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്. 21 അപേക്ഷകളിലെ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ബാങ്ക്/സംഘങ്ങൾക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി വരുന്ന 34 അപേക്ഷകളിൽ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ